


Issue No. 8 **JUBILEE MISSION MEDICAL COLLEGE & RESEARCH INSTITUTE** JULY 2015

## Editor's Desk

*Rain is Grace, Rain is the Sky descending to Earth,*
*without Rain, there would be no Life.*

*John Updike*

ഭൂമിയ്ക്കുമുകളിൽ പെയ്തിറങ്ങുന്ന അനുഗ്രഹമാണ് മഴ. പെയ്തൊഴിയുന്ന മഴയെ അറിയപ്പെടാത്ത ഉള്ളറകളിൽ നിധിയായി കരുതി വയ്ക്കുന്ന ഭൂമാതാവിന്റെ കരുതലും കൂടിയാകുമ്പോൾ, ഭൂമിയുടെ അവകാശികൾ ആ അനുഗ്രഹത്തെ ആവോളം പുല്കുന്നു.

പ്രകൃതിയുടെ സന്തുലിതാവസ്ഥയെ നിലനിർത്തികൊണ്ടുള്ള സംവിധാനങ്ങളിൽ മഴക്കാലത്തിന്റെ പ്രസക്തി ഏറെയാണ്. പ്രവൃത്തിമേഖലകളിൽ സഹവർത്തിത്വത്തെ ഏറ്റുപാടുന്ന നവസൈദ്ധാന്തികർ പ്രകൃതിയിലെ സഹവർത്തിത്വത്തെ മറന്നുകളയുന്നുണ്ട് പലപ്പോഴും. പ്രകൃതി ആകമാനം പരസ്പരം സഹകരിക്കുന്ന ഒരു സംവിധാനമാണെന്നത് സൗകര്യപൂർവ്വം നാമും വിട്ടുകളയുന്നു.

ഋതു എന്ന പതിവുനിലയിൽ നിന്നും ഒരു വിരുന്നുകാരനായി ചിലപ്പൊഴെങ്കിലും മഴ മാറുന്നുണ്ടെങ്കിൽ, സഹവർത്തിത്വത്തിന്റെ ഈ മേഖലകളിൽ മനുഷ്യൻ കാണിക്കുന്ന നിസ്സംഗതയോ അക്രമമോ ആണ് അതിനു കാരണമെന്ന് നമുക്ക് മനസ്സിലാക്കാനാകും.

ഇടവപ്പാതി കഴിഞ്ഞാൽ മഴയെത്തുമെന്ന് കാരണവൻമാർ മനസ്സിലാക്കിയിരുന്നു. സൈദ്ധാന്തികമായി സ്ഥാപിക്കാതെ തന്നെ സഹവർത്തിത്വത്തിന്റെ ഉൺമയിലൂന്നി പ്രകൃതിയെ മനസ്സിലാക്കാൻ സാധിച്ചിരുന്ന ആ കാലം പിന്നിട്ട് കാലാവസ്ഥാവ്യതിയാനങ്ങളെക്കുറിച്ച്, പഠിക്കേണ്ട ദുര്യോഗമാണ് ആധുനികമനുഷ്യനെ കാത്തിരിക്കുക. തീർച്ചയായും പ്രകൃതിയോടുള്ള സഹവർത്തിത്വത്തിന്റെയും വിശ്വസ്തതയുടേയും കണ്ണികളുടെ അകൽച്ചയാണ് ഈ അവസ്ഥക്ക് കാരണം.

മഴയും മഴക്കാലവും നഷ്ടവിഷാദമായി മാറാതെ തലമുറകളെ നിലനിർത്തുന്ന അനുഗ്രഹമായി മാറണമെങ്കിൽ, ജീവന്റെ തുടിപ്പുകളെ കാത്തുസൂക്ഷിക്കുന്ന ശീതളിമ നിലനിൽക്കണമെങ്കിൽ, അറ്റുപോയ കണ്ണികളെ നമുക്ക് കൂട്ടിച്ചേർക്കാം. മഴ എന്ന സഹചാരിയുടെ സൃഷ്ടിപരതയെ സൂക്ഷിക്കുന്നവരാകാം, നമുക്ക്... ജീവന്റെ താളമേളം നിലനിർത്തുന്ന ഈ മഴക്കാലത്തെ സന്തോഷത്തോടെ നമുക്ക് വരവേൽക്കാം

**ഫാ. സിജോ ചെറുവത്തൂർ,**
*എഡിറ്റർ*

## Message

അന്യസംസ്ഥാനത്ത് ഉപരിപഠനം നടത്തികൊണ്ടിരിക്കുന്ന ഒരു യുവാവിന്റെ ജീവിതത്തിലുണ്ടായ ഒരു അനുഭവം വിവരിച്ചുകൊള്ളട്ടെ. ഈ യുവാവ് സൽസ്വഭാവിയും തികഞ്ഞ ദൈവവിശ്വാസിയുമാണ്. ഒന്നാം വർഷ പരീക്ഷ അടുത്തുവന്നപ്പോൾ ഇദ്ദേഹത്തിന് പഠനത്തിൽ ഏകാഗ്രത നഷ്ടപ്പെട്ടു. മനസ്സ് അസ്വസ്ഥമായി. വിദഗ്ധ ചികിത്സയും, കൗൺസിലിങ്ങും നൽകി. പക്ഷെ കാര്യമായ ഫലം കണ്ടില്ല. വീട്ടുകാർ മകനെ തൽക്കാലം വീട്ടിലേക്ക് കൊണ്ടുപോകുവാൻ തീരുമാനിച്ചു. ട്രെയിനിലായിരുന്നു അവരുടെ യാത്ര. യാത്രയ്ക്കിടയിൽ അടുത്തിരുന്ന ഒരു സുഹൃത്തുമായി പരിചയപ്പെട്ടു. അദ്ദേഹം തന്റെ മകളെ ഹോസ്റ്റലിൽ വിട്ട് മടങ്ങി വരുന്ന വഴിയാണ്. തന്റെ പ്രതിസന്ധി ഇദ്ദേഹവുമായി പങ്കുവെച്ചപ്പോൾ കിട്ടിയ ഉൾക്കാഴ്ചകൾ, ഈ യുവാവിന്റെ ജീവിതത്തിൽ ഒരു വഴിത്തിരിവായി. വീട്ടിലെത്തിയ യുവാവിന് സന്തോഷത്തോടും ഉന്മേഷത്തോടും കൂടി തന്റെ പഠനം പുനരാരംഭിക്കുവാൻ സാധിച്ചു. മാതാപിതാക്കൾക്ക് അത് വലിയ ആശ്വാസമായി.

മനുഷ്യ ഹൃദയങ്ങളെ സ്പർശിക്കുവാനും സ്വാധീനിക്കുവാനും കഴിയുന്ന മഹാത്മാക്കളെയാണ് നമുക്കിന്നാവശ്യം. പരി. കന്യാമറിയത്തിന്റെ സന്ദർശനം എലിസബത്തിനേയും ഗർഭസ്ഥശിശുവിനേയും ആനന്ദത്താൽ പൂരിതരാക്കി. രാഷ്ട്രപിതാവായ ഗാന്ധിജിയുടെ ജീവിതം ഭാരതത്തിന് സ്വാതന്ത്ര്യവും, ഭിന്നിച്ചുകഴിഞ്ഞിരുന്ന ജനവിഭാഗങ്ങൾക്ക് ശാന്തിയും സമാധാനവും നൽകി.

"Blessed is the influence of one true, loving human soul on another."

- George Eliot

വ്യക്തികളേയും കുടുംബങ്ങളേയും സമൂഹങ്ങളേയും ഒന്നിപ്പിക്കുകയും സ്വാധീനിക്കുകയും ചെയ്യുന്ന ദിവ്യമായ വ്യക്തിത്വങ്ങൾ ധാരാളമായി ഉണ്ടാകട്ടെ എന്ന ആശംസകളോടെ.

**ഫാ. ജോസ് ഐനിക്കൽ**
Spiritual Father, JMMC&RI




## അഭിനന്ദനങ്ങൾ

ശ്രീലങ്കൻ മെനോപോസൽ സൊസൈറ്റിയുടെ 14-ാമത് വാർഷിക കോൺഫറൻസ് ഫാക്കൽട്ടിയായി ക്ഷണിക്കപ്പെട്ട ഡോ. അശ്വത്ത് കുമാർ (അഡീ. പ്രൊഫസർ, OBG) കോളംമ്പോയിൽ.





ജൂബിലി മിഷൻ സ്കൂൾ ഓഫ് നേഴ്സിങ്ങിന്റെ 50-ാം വാർഷിക ത്തോടനുബന്ധിച്ച് ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ആശു പത്രിയിൽ നടത്തിയ രക്തദാന ക്യാമ്പിൽ അദ്ധ്യാപകരും, വിദ്യാർത്ഥികളും, പൂർവ്വ വിദ്യാർത്ഥികളും ചേർന്ന് അമ്പതോളം പേർ രക്തം ദാനം ചെയ്ത് പങ്കുവെയ്ക്കലിന്റെ മാതൃക നൽകി.

## ജൂബിലി മിഷനിലെ ബ്ലഡ് ബാങ്ക് ഡിപ്പാർട്ട്മെന്റ്

ജൂബിലി മിഷൻ മെഡിക്കൽ കോളേജിലെ രക്തബാങ്ക് 1996-ൽ ആരംഭിച്ച് 2007 മുതൽ ഘടക- വിഘടന (Component Separation) സംവിധാനം തുടങ്ങി. തൃശ്ശൂർ ജില്ലയിലെ മറ്റാശുപത്രികൾക്കും ഘട കങ്ങൾ നൽകുവാൻ സുസജ്ജമാണ്.

ഇവിടെ നിന്നും Packed red cells, Fresh frozen plasma, platelet, Cryoprecipitate എന്നിവ നൽകിവരുന്നു.

രക്തബാങ്കിൽ, പ്രതിവർഷം 9000 ഡോണർമാരും, 18000-20,000 യൂണിറ്റ് ഘടകങ്ങളും നൽകുന്നു. Antibody screening and identification, cold antibody titration, resolving ABO വ്യതിയാനങ്ങൾ പരിഹരി ക്കുക, കൈമാറ്റത്തിനായി രക്തം ഒരുക്കുക എന്നിവയിൽ ഇവി ടുത്തെ രക്തബാങ്ക് പ്രാവീണ്യത്തോടെ പ്രവർത്തിക്കുന്നു. രക്തദാന പ്രേരണ ക്ലാസ്സുകളും, എച്ച്.ഐ.വി. ബോധവത്കരണ ചർച്ചകളും സ്ഥിരമായി കോളേജുകളിൽ നടത്തിവരുന്നു. ഇവിടെ ഒരു ഹീമോഫീലിയ ക്ലിനിക്ക് ഡിസംബർ 2013 മുതൽ പ്രവർത്തിച്ചുവരു ന്നു. ജൂബിലി മിഷനിലെ ബ്ലഡ് ബാങ്ക് BEQAS, സി.എം.സി. വെല്ലൂർ EQAS എന്നീ ടെസ്റ്റുകളിൽ സ്ഥിരമായി പങ്കെടുക്കുന്നു.

## ജൂബിലിയിൽ NABH



ഗുണമേന്മയുള്ള രോഗീ ശുശ്രൂഷക്കായി നാഷണൽ അക്രഡിറ്റേഷൻ ബോർഡ് ഫോർ ഹോസ്പിറ്റൽസ് ആന്റ് ഹെൽത്ത് കെയർ പ്രോഗ്രാം (NABH) 9-6-15ന് ഉദ്ഘാടനം ചെയ്തു. ഡോ. ഗിരിധർ ഗ്യാനി, എൻ.എ.ബി.എച്ച്. എന്താണെന്ന് വ്യക്തമാക്കി. ACME ചീഫ് ഓപ്പറേറ്റിങ്ങ് ഓഫീസർ ബി. ആർ. രാമകൃഷ്ണൻ NABH പ്രോഗ്രാമിനെക്കുറിച്ച് വിശദീകരിച്ചു

## സ്നേഹപൂർവ്വം



കാരുണ്യം നിറഞ്ഞു നിൽക്കുന്ന സി. കരുണ മറ്റുള്ളവരുടെ ബുദ്ധിമുട്ടുകളിൽ സാന്ത്വ നവും സഹായവും നൽകിയിരുന്നു. സിസ്റ്റർ എല്ലാവർക്കും എപ്പോൾ വേണമെങ്കിലും സമീപിക്കാവുന്ന വ്യക്തിത്വമായിരുന്നു. ഭാവി ഭാരവാഹിത്വം ഭംഗിയായി നിർവ്വഹിക്കുവാൻ സി. കരുണയ്ക്ക് എല്ലാ ആശംസകളും നേരുന്നു.

### സി. അനിത



വേദനിക്കുന്നവരിലും രോഗികളിലും ഈശോയെ ദർശിച്ച് ശുശ്രൂഷ ചെയ്യുന്ന ഒരു മാലാഖയാണ് സി. അനിത. മനസ്സിൽ നിറഞ്ഞു നിൽക്കുന്ന സ്നേഹവും നന്മ യും, വാക്കുകളിൽ പ്രകടിപ്പിക്കുന്ന സാന്ത്വ നവും ആശ്വാസവും രോഗികൾക്കും, സ്റ്റാഫുമാർക്കും എന്നും ആശ്രയമായിരുന്നു. തുടർന്നുള്ള പ്രവർത്തനങ്ങ ളിലും സർവ്വശക്തനായ ദൈവം സിസ്റ്ററിനെ കൈപിടിച്ച് നടത്തട്ടെയെന്ന പ്രാർത്ഥനയോടെ എല്ലാവിധ ഭാവുകങ്ങളും നേരുന്നു.

### ജൂലിയസ് ചേട്ടൻ



ജൂബിലിയുടെ വളർച്ചയിൽ 30 വർഷ ത്തോളം നിസ്വാർത്ഥ സേവനം അനുഷ്ഠിച്ച വ്യക്തിയായിരുന്നു ജൂലിയസ് ചേട്ടൻ. CSDD യിലും, പ്രവർത്തിച്ച വിഭാഗങ്ങളി ലെല്ലാം പ്രാഗത്ഭ്യം തെളിയിച്ച വ്യക്തിയായ ജൂലിയസ് ചേട്ടനും അദ്ദേഹത്തിന്റെ കുടുംബത്തിനും, ജൂബിലി കുടുംബത്തിന്റെ പേരിൽ എല്ലാവിധ മംഗളങ്ങളും നേരുന്നു.

### സി. ഇസബെല്ല

ജൂബിലി കുടുബത്തിന്റെ ഒരംഗമായി വർഷങ്ങളോളം സേവനം ചെയ്ത സി. ഇസബെല്ല ആതുരസേവന ശുശ്രൂഷ രംഗത്ത് മികവ് കാണിച്ചിരുന്നു. ന്യൂറോ സർജറി ഐ. സി.യു.വിൽ ഇൻചാർജ് ആയി സേവനമനുഷ്ഠിച്ച സിസ്റ്റർ അവിടെയുള്ള ഓരോ രോഗികളിലും ദൈവത്തെകണ്ട് ശുശ്രൂഷിച്ചു. സിസ്റ്ററിലൂടെ ഞങ്ങൾക്ക് ലഭിച്ച എല്ലാ നന്മ കൾക്കും സ്നേഹത്തിനും അനുഗ്രഹങ്ങൾക്കും ഞങ്ങൾ നന്ദിയും ആശംസകളും അർപ്പിക്കുന്നു.

### സി. ഡൊണാൾഡ്

ഡെപ്യൂട്ടി നേഴ്സിങ്ങ് സൂപ്രണ്ട്, വാർഡ് ഇൻ ചാർജ് എന്നീ നിലകളിൽ സി. ഡൊണാൾഡ് ഏവർക്കും പ്രിയങ്കരിയും നലം തികഞ്ഞ വ്യക്തിത്വത്തിന്റെ ഉടമയുമായിരുന്നു. തന്റെ രോഗികളേയും, സഹപ്രവർത്തകരേയും ഈശോയിൽ സമർപ്പിച്ച് ദൈവവചനം പകർന്നുകൊടുത്തുകൊണ്ട് ഒരു ആത്മീയ ബന്ധം ഊട്ടിയുറപ്പിക്കുവാൻ സിസ്റ്റർ എന്നും ശ്രദ്ധാലുവായിരുന്നു. സിസ്റ്ററിന്റെ ഭാവിജീവിതത്തിലേക്ക് ഒരായിരം നന്മകളും പ്രാർത്ഥനകളും ആശംസിക്കുന്നു.

# മഴക്കാലരോഗങ്ങൾക്കെതിരെ ജാഗ്രത !

മഴക്കാല ആരംഭത്തോടുകൂടി നമ്മുടെ പ്രദേശത്ത് പൊട്ടിപുറപ്പെട്ട് പടർന്ന് പിടിക്കുവാൻ സാധ്യതയുള്ള കൊതുകുജന്യരോഗങ്ങളായ ഡങ്കിപ്പനി, ചിക്കുൻ ഗുനിയ, മലമ്പനി, ജപ്പാൻജ്വരം, മന്ത് എന്നിവയുടെയും ജലജന്യരോഗങ്ങളായ വയറിളക്കം, കോളറ, അതിസാരം, മഞ്ഞപ്പിത്തം, ടൈഫോയ്ഡ്, എലിപ്പനി തുടങ്ങിയവയുടേയും വ്യാപനം തടയുവാൻ നാം ഓരോരുത്തരും നിതാന്ത ജാഗ്രത പുലർത്തണം.

**എലിപ്പനിയുടെ ലക്ഷണങ്ങൾ**

പെട്ടെന്നുള്ള പനി, തലവേദന, കണ്ണിൽ ചുവപ്പ്, ശരീരവേദന, പേശിവേദന, മഞ്ഞപിത്തം.

**പ്രതിരോധ പ്രവർത്തനങ്ങൾ :**

- വീടും പരിസരവും വൃത്തിയായി സൂക്ഷിക്കുക.
- ആഹാരസാധനങ്ങൾ അടച്ച് സൂക്ഷിക്കുക
- പച്ചക്കറികൾ കഴുകി മാത്രം ഉപയോഗിക്കുക
- ആഹാരസാധനങ്ങൾ വലിച്ചെറിയാതെ ശാസ്ത്രീയമായി സംസ്കരിക്കുക.
- മുറിവുള്ളപ്പോൾ മലിനജലത്തിൽ ഇറങ്ങാതിരിക്കുക.
- എലിനശീകരണത്തിൽ ജാഗ്രത കാണിക്കുക.
- തിളപ്പിച്ചാറിയ വെള്ളം മാത്രം കുടിക്കുക, തിളപ്പിച്ച വെള്ളത്തിൽ പച്ചവെള്ളം ചേർത്താൽ അത് പാനയോഗ്യമല്ലാതാകും.
- തുറന്നുവെച്ചിരിക്കുന്ന ആഹാര പദാർത്ഥങ്ങൾ കഴിക്കാതിരിക്കുക.
- കിണർവെള്ളം ക്ലോറിനേറ്റ് ചെയ്യുക.
- പൊതുടാപ്പുകളുടെ പരിസരം വൃത്തിയായി സൂക്ഷിക്കുക
- തോടുകൾ, പുഴകൾ എന്നിവിടങ്ങളിൽ കക്കൂസ് മാലിന്യങ്ങൾ ഒഴുക്കി വിടാതിരിക്കുക
- തുറസ്സായ സ്ഥലത്ത് മലമൂത്ര വിസർജ്ജനം ചെയ്യാതിരിക്കുക.
- ആഹാരത്തിന് മുമ്പും, മലമൂത്രവിസർജ്ജനത്തിന് ശേഷവും കൈകൾ സോപ്പിട്ടുകഴുകുക.
- പൊതുസ്ഥലത്ത് മാലിന്യങ്ങൾ ഇടാതിരിക്കുക.

**ഡെങ്കിപ്പനിയുടെ ലക്ഷണങ്ങൾ**

കഠിനമായ പനി, തലവേദന, പുറംവേദന, പേശിവേദന, വിശപ്പില്ലായ്മ, ഛർദ്ദി, മൂക്കിൽ നിന്നും മോണയിൽ നിന്നും രക്തസ്രാവം, തൊലിപ്പുറത്ത് ചുവന്ന് തടിക്കുക.

**ചിക്കുൻ ഗുനിയയുടെ ലക്ഷണങ്ങൾ**

കഠിനമായ പനി, തലവേദന, ഗ്രന്ഥി വീക്കം, സന്ധിവേദന, തൊലി പുറത്ത് ചുവന്ന് തടിക്കുക.

**കൊതുകുജന്യരോഗങ്ങളുടെ പ്രതിരോധപ്രവർത്തനങ്ങൾ**

കൊതുകുജന്യ രോഗങ്ങൾ തടയുവാനുള്ള ഏറ്റവും ഫലപ്രദമായ മാർഗ്ഗം കൊതുകു നിയന്ത്രണമാണ്. കൊതുകു നിയന്ത്രണ മാർഗ്ഗങ്ങളെ പ്രധാനമായും മൂന്നായി തരം തിരിക്കാം.

**1. കൂത്താടികളെ നശിപ്പിക്കുക.**

വെള്ളം കെട്ടിനിൽക്കുവാൻ സാധ്യതയുള്ള ടയർ, ചിരട്ട, പ്ലാസ്റ്റിക് സഞ്ചി, ഡിസ്പോസിബിൾ പാത്രം, ഗ്ലാസ്, കുപ്പി, ടിൻ, മുട്ടത്തോട്, പൊട്ടിയപന്ത്, കരിക്കിൻതൊണ്ട് എന്നിവ ഉപയോഗശൂന്യമായ ഉടനെ നശിപ്പിക്കുക.

ഓടകളിൽ വെള്ളം കെട്ടി നിൽക്കാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കുക.

**2. കൊതുകുകളെ നശിപ്പിക്കുക**

വീടിനുള്ളിൽ ദിവസേന പുകയ്ക്കുന്നത് കൊതുകുനശീകരണത്തിന് കാരണമാകുന്നു.

**3. കൊതുകുകടി തടയുവാൻ**

പകൽ സമയങ്ങളിലും ഉറങ്ങുമ്പോഴും നിർബന്ധമായും കൊതുകുവല ഉപയോഗിക്കുക. വെള്ള നിറത്തിലുള്ള വലകൾ ഉപയോഗിക്കുകയാണെങ്കിൽ കൊതുകുകളെ പെട്ടെന്ന് തിരിച്ചറിയുവാൻ സാധിക്കും.

കൊതുകുകടി ഏൽക്കാത്ത രീതിയിൽ ശരീരം കഴിയുന്നത്ര മറച്ച് വസ്ത്രം ധരിക്കുക.

ജനൽ, വെന്റിലേഷൻ, എയർഹോൾ, കക്കൂസിന്റെ വെന്റ് പൈപ്പ് എന്നിവിടങ്ങളിൽ കൊതുകുവല ഇടുക.

**സ്വാഗതം**

JMMC&RIയിൽ ഫിനാൻഷ്യൽ കൺസൾട്ടന്റ് ആയി ചാർജ്ജെടുത്ത മി. ജീൻ പോൾ (ചാർട്ടേഡ് അക്കൗണ്ടന്റ്)-ന് ജൂബിലി കുടുംബത്തിലേക്ക് സ്വാഗതം.



## Welcome to Jubilee Family

| | | | |
|---|---|---|---|
| 1 SHINTU MANUEL | Biomedical | 14 SONY JOSE | Pharmacy |
| 2 IRSHAD U H | Biomedical | 15 SR. LEENA | Pharmacy |
| 3 ABHILASH S K | Cathlab | 16 JILBY C.J | Pharmacy |
| 4 SHILNA P | ECHO | 17 ANTO TWINKLE | PMO - Department Development |
| 5 VINCY LINOY | ECHO | 18 NANCY M L | Radiology |
| 6 LIJA DOMINI | MRD | 19 STEEV C.O | Radiology |
| 7 AMBILI U S | Nursing Attendent | 20 SONIYA SHYJU | Reception Counter |
| 8 RAJEENA BYJU | Nursing Attendent | 21 JIPSA RACHEL VARGHESE | Staff Nurse |
| 9 ASWATHY RAJESH | Pharmacy | 22 SHERIN JOSE | Staff Nurse |
| 10 JILTHA MURALIDHARAN | Pharmacy | 23 SR JESHMA GRECY T. T. | Staff Nurse |
| 11 LIDIA DAVIS K | Pharmacy | 24 SR SILVY PORATHUR | Staff Nurse |
| 12 NEETHU P B | Pharmacy | 25 SREEDEVI T. MOHANDAS | Staff Nurse |
| 13 VENMA FILJO | Pharmacy | | |



ഫോട്ടോ തിരിച്ചറിയൽ മത്സരത്തിന്റെ വിജയി കമൽ സൂര്യയ്ക്ക് ജൂബിലറ്റ് എഡിറ്റോറിയൽ ബോർഡ് മീറ്റിങ്ങിൽ വെച്ച് സമ്മാനം നൽകി.

## വട്ടം

വട്ടം വട്ടം പപ്പടം വട്ടം
മുറ്റത്തുള്ള കിണറും വട്ടം
ആകാശത്തോ അമ്പിളി വട്ടം
ആളുകളൊത്താൽ വെടിക്കെട്ടിൻവെട്ടം
കല്ലിൽ തീർത്തൊരു കോവിലിൻ വെട്ടം
നെല്ലുപുഴുങ്ങും ചെമ്പും വട്ടം
വണ്ടികളുരുട്ടും ടയറും വട്ടം
വണ്ടു പറന്നുനടക്കും വട്ടം
ഉത്തരമൊന്നതു തെറ്റിപ്പോയാൽ
കിട്ടും മാർക്കോ വലിയൊരു വട്ടം.
പൂജ്യം കണ്ടുപിടിച്ച ഇന്ത്യക്കാരന് അഭിവാദ്യങ്ങൾ.

Ms. S. Krishnaveni, MRD

## *Joke*

ട്രാഫിക്ക് തെറ്റിക്കുന്നവരെ ചെക്ക് ചെയ്യുവാൻ എ.എസ്.ഐ.-യും കോൺസ്റ്റബിളും കൂടി വഴിയരികിൽ നിൽക്കുകയായിരുന്നു. ഒരു ചെറുപ്പക്കാരൻ തെറ്റായ സൈഡിൽ കൂടി ബൈക്ക് വളരെ വേഗത്തിൽ ഓടിച്ചുവന്നു. എ.എസ്.ഐ. ചെറുപ്പക്കാരനെ കൈകാണിച്ചു നിർത്തി.

നീ തെറ്റായ സൈഡിൽ കൂടിയാണ് വന്നത്. അതുകൊണ്ട് ചാർജ് ചെയ്യണം. എന്താ നിന്റെ പേര് ?

ചെറുപ്പക്കാരൻ : ഋഷി ശൃംഗൻ

എ.എസ്.ഐ. : ശരി, നീ പോയ്ക്കോ

കോൺസ്റ്റബിൾ എ.എസ്.ഐ.യോട് : എന്താണ് അയാളെ വെറുതെ വിട്ടത് ?

എ.എസ്.ഐ.: നിനക്ക് അവന്റെ പേര് ഇംഗ്ലീഷിൽ എഴുതാൻ അറിയുമോ? എനിക്ക് അറിയില്ല.

Mr. Baby, Insurance

## *Patient Column*

## ചങ്കിടിപ്പ്

അമ്മതൻ പൊക്കിളിൽ നിന്നറ്റുവീണുഞാൻ
നിലതെറ്റിയോടുന്ന ആഴക്കയത്തിലോ
കണ്ണുകൾ മൂടി മരവിച്ചു പോകവേ
മൃത്യുവിലേക്കു നടന്നു നീങ്ങീടവേ
ഒരു തരി വെട്ടത്തിൽ നിന്നുമുതിർത്തതാ
ഒരു ഞാരുഞാങ്ങണയെൻ മുന്നിൽവന്നതാ
തെന്നിപിടിച്ചുഞാനാനാരു വള്ളിയിൽ
മയക്കത്തിൽ നിന്നെന്നെയുണർത്തി ഭഗീശനും
ഏന്തീ വലിഞ്ഞുഞാനെത്തീ മറന്തിയിൽ
ഞാങ്ങണയല്ലെന്നതറിയുന്നതപ്പഴോ
രണ്ടിറ്റു വെള്ളമതിൽ നിന്നു താണ്ടിയെൻ
ചോരക്കുഴലിലേക്കോടി മറഞ്ഞുപോയ്
ആ ഞാരുഞാങ്ങണമേലെന്നെ ബന്ധിച്ചു
മറുചോര മണ്ണിലേക്കെന്നെ മറിച്ചിട്ടു
ഗുളിക ഭടന്മാരോ കുതിരപ്പുറത്തേറി
അങ്കത്തിനായെന്നെ പോരുവിളിച്ചവർ
തനിയെ പൊരുതുവാൻ അർജുനനല്ല ഞാൻ
ജീവത്യാഗമേകുവാൻ യേശുമഹേശനോ
ഒരുപിടിശ്വാസം ഭുജിച്ചുവസിപ്പവൻ
കേവലം ഞാനൊരു മർത്യനാം ബാലികൻ
മുറിവേറ്റു വീണുഞാനാരക്ത ഭൂമിയിൽ
മൂന്നക്ഷരത്തിന്റെ ഇരുളിൽ മയങ്ങി ഞാൻ
കണ്ണുകുഴിഞ്ഞുപോയ് ഞാനതുകണ്ടനാൾ
നെയ്തുപിടിപ്പിച്ചെൻ കൈകളും ഹൃത്തവും
നയനം പുലർന്നു ഞാൻ കാൺകെ മാഹേശനെ
ഞാനവൻ ചാരെയായ് വിശ്രമിച്ചീടിനാൽ
മറന്നുപോയ് ചോദിപ്പാനവനോട് തന്നെയും
മരിച്ചുവോ ഞാനതോ ജീവിച്ചിരിപ്പുവോ

**- Christeen Johnson**
St. Andrews Ward (Joint Surgery Inpatient)

ജൂബിലി മിഷനിലെ രോഗികൾക്ക് തങ്ങളുടെ സാഹിത്യരചനകൾ ജൂബിലെറ്റിൽ പ്രസിദ്ധീകരിക്കാൻ താൽപര്യമുണ്ടെങ്കിൽ വാർഡ് ഇൻ ചാർജുമാരെ അറിയിക്കുക.



ജൂബിലി മിഷനിൽ ജൂലായ് 6 മുതൽ ജൂലായ് 11 വരെ നടന്ന നഴ്സസ് ഓറിയന്റേഷൻ പ്രോഗ്രാം - ബാച്ച് 010-15.

**Editorial Board**
Fr. Sijo Cheruvathoor | Dr. Benny Joseph | Dr. Aswath | Dr. Fiju Chacko | Dr. Harris Paul | Mr. Baby | Mr. Devassy | Mr. Vinu | Mr. Noble | Mr. Vijoy C. V. |
Ms. Suma Paul | Ms. Deepa Tom | Ms. Sheena Darlin | Ms. Ansa | Ms. Rakhi K. B. | Ms. Niviya Nello | Ms. Krishnaveni | Ms. Stefy C. Joseph | Ms. Ashly Jose | Ms. Dency Devassy